NRHM/BCC/4810/2011/SPMSU 13.7.2011

## ടെണ്ടർ നോട്ടീസ്

ആരോഗ്യകേരളം പ്രസിദ്ധീകരണമായ 'ആരോഗ്യകേരളം' മാസികയുടെ 2011-12 വർഷത്തേക്കുള്ള അച്ചടി ജോലി ചെയ്യുന്നതിന് താത്പര്യമുള്ള തിരുവനന്തപുരം നഗരത്തിലെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മത്സര സ്വഭാവമുള്ള മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

**ആരോഗ്യകേരളം**

| | | |
|---|---|---|
| കോപ്പികൾ | - | 10,000 |
| പേജ് | - | 4 (കവർ പേജ് ഉൾപ്പടെ) |
| സൈസ് | - | Tabloid |
| കളർ | - | മൾട്ടി കളർ |
| പേപ്പർ | - | 130 GSM (Glossy) |

പ്രസിദ്ധീകരണത്തിന് അധികം ഉപയോഗിക്കേണ്ടതായി വരുന്ന ഓരോ ഫോറത്തിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തണം. കൂടുതൽ കോപ്പികൾ ആവശ്യമായി വരുന്ന പക്ഷം 1,000, 5,000, 10,000 കോപ്പികൾക്ക് പ്രത്യേകമായി അധികം വേണ്ടി വരുന്ന തുക രേഖപ്പെടുത്തണം. കോപ്പികളുടെ എണ്ണം കുറയുകയാണെങ്കിൽ ഒരു കോപ്പിയുടെ അച്ചടിക്കൂലി കണക്കാക്കി നിരക്കിൽ കുറവു വരുത്തുന്നതാണ്.

മുദ്രവച്ച ടെണ്ടറുകൾ, ഡയറക്ടർ, ആരോഗ്യകേരളം, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പൊതു നിബന്ധനകൾ

1. തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളു
2. സി.ഡി. അച്ചടിക്കായി നൽകി കഴിഞ്ഞാൽ പരമാവധി മൂന്നു ദിവസത്തിനകം അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം
3. മാസികകൾ വിലാസപട്ടിക അച്ചടിച്ച് കവറിലാക്കി ജില്ലാടിസ്ഥാനത്തിൽ വേർതിരിച്ച് എത്തിക്കേണ്ട ചുമതല അച്ചടി സ്ഥാപനം ഏറ്റെടുക്കണം. ഇതിനായി വരുന്ന ചെലവ് ഫിനാൻഷ്യൽ ബിഡ്ഡിൽ വേർതിരിച്ച് കാണിക്കേണ്ടതാണ്
4. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. പ്രസിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാനും ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവ്വഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക
6. വകുപ്പ് മുമ്പ് അച്ചടി കരാർ നൽകിയ ശേഷം കൃത്യമായി അച്ചടിച്ചു നൽകാത്ത സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്
7. ഓരോ ലക്കം മാസികയ്ക്കുമൊപ്പം തപാലിൽ അയയ്ക്കുന്നതിനുള്ള പേപ്പർകവർ കൂടി സൗജന്യമായി അച്ചടിച്ചു നൽകേണ്ടതാണ്.

9. ഓരോ മാസവും ആവശ്യമുള്ള കോപ്പികളുടെ എണ്ണം സംബന്ധിച്ച് നൽകുന്ന വർക്ക് ഓർഡർ പ്രകാരം കോപ്പികൾ അച്ചടിച്ചു ലഭ്യമാക്കേണ്ടതാണ്.

10. പ്രിന്റു ചെയ്ത ന്യൂസ് ലെറ്ററുകൾ 14 ജില്ലകളിലും സമയബന്ധിതമായി എത്തിക്കേണ്ടതാണ്.

11. ടെണ്ടർ വ്യവസ്ഥകൾ Kerala Store Purchase Manual നിബന്ധകൾക്ക് വിധേയമായിരിക്കും.

| | | |
|---|---|---|
| ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 16.7.2011 |
| ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി | : | 26.7.2011 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 28.7.2011 2.00 PM |
| ടെണ്ടർ തുറക്കുന്ന തീയതി | : | 28.7.2011 3.00 PM |
| ടെണ്ടർ ഫോമിന്റെ വില | : | ₹ 800/- |
| EMD | : | ₹ 8000/- |